HLM-0100

The Heavenly Light Ministry

പാടി പുകഴ്ത്തീടാം ദേവദേവനെ
പുതിയതാം കൃപകളോടെ ഇന്നലെയും ഇന്നും എന്നും
മാറായേശുവേ നാം പാടി പുകഴ്ത്താം
യേശു എന്ന നാമമേ എന്നാത്മാവിൻ ഗീതമേ
എൻ പ്രീയ യേശുവെ ഞാൻ
എന്നും വാഴ്ത്തി പുകഴ്ത്തീടുമേ (02)

ഘോരഭയങ്കര കാറ്റും അലയും കൊടിയതായ് വരും നേരത്തിൽ
കാക്കും കരങ്ങളാൽ ചേർത്തു മാർവ്വണച്ച
സ്നേഹം നിത്യം പാടും ഞാൻ യേശു എന്ന

പെറ്റ തള്ള കുഞ്ഞിനെ മറന്നാലും
ഞാൻ മറക്കാ എന്ന വാർത്തയാൽ
താഴ്ത്തി എന്നെ തൻ കരത്തിൽ വെച്ചു
ജീവ പാതേ എന്നും ഓടും ഞാൻ യേശു എന്ന

ഭൂമിയെങ്ങും പോയി സാക്ഷി
ചൊല്ലുവിൻ എന്നുരച്ച കൽല്പനയതാൽ
ദേഹം ദേഹിയെല്ലാം ഒന്നായ് ചേർത്തു
പ്രീയനായ് വേല ചെയ്യും ഞാൻ യശു എന്ന

യോർദ്ദാൻ സമമന ശോധനയിലും താണുവീണു പോകാതെ
ആർപ്പിൻ ജയധ്വനിയോടും കാത്തു
പാലിക്കുന്ന സ്നേഹമാശ്ചര്യം യേശു എന്ന